പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 337 18/10/2016 -ൽ മറുപടിയ്ക്ക്

ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്തെ ഏറ്റവും പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>ബി) ഇതര സംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ കേന്ദ്രങ്ങൾ, റെയിൽ-ബസ് ടിക്കറ്റ് റിസർവേഷൻ സൗകര്യം, ന്യായവില ഭക്ഷണശാലകൾ, പാർക്കിംഗ് ഗ്രൗണ്ട് എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | എ) & ബി) തീർത്ഥാടകർക്ക് വിശ്രമത്തിനായി ഇടത്താവളങ്ങളിൽ എല്ലാവിധ സൗകര്യങ്ങളും സജ്ജമാക്കി വരുന്നു. ചെങ്ങന്നൂരിനുപുറമേ പമ്പയിലും റയിൽവേ റിസർവേഷൻ കൗണ്ടർ ഏർപ്പെടുത്തുന്നതാണ്. ഇവിടെ ബഹു. ഭാഷാ വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കുന്നതാണ്. ഭക്ഷണശാലകൾ ഏകീകൃത വില ഈടാക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനായി പമ്പ, ഹിൽടോപ്പ് എന്നിവയ്ക്കു പുറമേ നിലയ്ക്കലിലും വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നു. |
| സി) ശബരിമലയിൽ തീർത്ഥാടനകാലത്തുണ്ടാകുന്ന മാലിന്യം സംസ്കരിക്കുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) ശബരിമലയിൽ 5 MLD ശേഷിയുള്ള മാലിന്യസംസ്കരണ പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ശബരിമല സാനിട്ടേഷൻ സൊസൈറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ്, വിവിധ വകുപ്പുകൾ എന്നിവയുടെ യോജിച്ച പ്രവർത്തനത്തിലൂടെ തീർത്ഥാടനകാലത്തുണ്ടാകുന്ന ജൈവ മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ